**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2334** **30-07-2021 - ൽ മറുപടിയ്ക്ക്**

**മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങൾ ആണ് സർക്കാർ നൽകിവരുന്നത്; കഴിഞ്ഞ സാമ്പത്തിക വർഷം ഈ അക്കാദമി എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്; | (എ) | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് അവരുടെ ദൈനംദിന ചിലവുകൾക്ക് പദ്ധതിയേതര വിഹിതവും വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതവും വർഷാവർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ 2020-21 സാമ്പത്തിക വർഷത്തിൽ അക്കാദമിയ്ക്ക് കോഴിക്കോട് നാദാപുരത്ത് ഉപകേന്ദ്രം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്. (i) 2020-21 സാമ്പത്തിക വർഷത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ വിവിധ കലാസാംസ്കാരിക പരിപാടികൾ, രചനകൾ ഉൾപ്പെടെ കലാമത്സരങ്ങൾ, സാംസ്കാരിക വകുപ്പ് നിർദ്ദേശിച്ച ദിനാചരണങ്ങൾ, അക്കാദമിയുടെ വാർഷികപരിപാടിയായ വൈദ്യർ മഹോത്സവം എന്നിവ അക്കാദമി സംഘടിപ്പിച്ചു. (ii) പ്രാചീന അറബിമലയാളം ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്ത് പ്രസിദ്ധീകരിച്ചു. (iii) വൈദ്യർ അക്കാദമിയുടെ പേരിൽ നവമാധ്യമങ്ങളായ ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് എന്നിവയും യൂട്യൂബ് ചാനലായി വൈദ്യർ ടി വി (Vaidyartv) ആരംഭിക്കുകയും ഈ ചാനലിൽ അക്കാദമിയുടെ 200ലധികം വീഡിയോസ് അപ് ലോഡ് ചെയ്യുകയും ചെയ്തു. (iv) വൈദ്യർ അക്കാദമിയുടെ കോഴിക്കോട് ജില്ലയിലെ നാദാപുരം ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു. (v) അറബിമലയാളം റിസർച്ച് ആന്റ് റഫറൻസ് ലൈബ്രറി, ഓഡിയോ വിഷൽ തിയേറ്റർ, ഇൻഡോർ, ഓപ്പൺ എയർ ഓഡിറ്റോറിയങ്ങൾ, വിവിധ ഫോട്ടോഗാലറികൾ, പുരാരേഖ ഗാലറി, ചരിത്രസാംസ്കാരിക മ്യൂസിയം-ഒന്നാം ഘട്ടം, റിക്കാർഡിംഗ് സ്റ്റുഡിയോ, മ്യൂസിക്കൽ ആർക്കൈവ്സ്, പുസ്തകപ്രസാധനം, പുസ്തക വില്പനശാല, യുജിസി കെയർ ലിസ്റ്റിലുള്ള ഗവേഷണ |

| | | | |
|---|---|---|---|
| | | | ജേണൽ (ഇശൽ പൈതൃകം), മാപ്പിളപ്പാട്ട്, മാപ്പിളകലാ പരിശീലനങ്ങൾ, മാനവീയം വേദി തുടങ്ങിയ പ്രവർത്തനങ്ങൾ അക്കാദമി കേന്ദ്രമായി നടക്കുന്നുണ്ട്. |
| (ബി) | ഈ കലാ അക്കാദമിയുടെ പി.എസ്.റ്റി.ബി. അക്കൗണ്ടിൽ നിന്നും സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് സർക്കാർ തുക പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇത്തരത്തിൽ പിൻവലിച്ചത്; സർക്കാരിന്റെ എന്തെല്ലാം ആവശ്യങ്ങൾ നിറവേറ്റാനാണ് സാംസ്കാരിക വകുപ്പ് തുക തിരികെ നൽകിയത്; | (ബി) | അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രം കെട്ടിടത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ച തുകയായ ഒരു കോടി രൂപയിൽ നിന്നുമാണ് 34,60,295/- (മുപ്പത്തിനാലു ലക്ഷത്തി അറുപതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ) 2020-21 സാമ്പത്തിക വർഷാവസാനം അക്കാദമിയുടെ പി.എസ്.റ്റി.ബി. അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ചത്. പ്രസ്തുത നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നതിനിടയിൽ കോവിഡ്-19 അനുബന്ധ ലോക്ഡൗൺ ഉൾപ്പടെയുള്ള പ്രതിസന്ധികൾ കടന്നു വന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കാനായില്ല. അതിനാൽ സാമ്പത്തിക വർഷാവസാനം പ്രസ്തുത നിർമ്മാണച്ചുമതലയുള്ള സ്ഥാപനത്തിന് ബിൽ തുക നൽകാനാകാത്തതാണ് 2020-21 സാമ്പത്തിക വർഷാവസാനം ടി തുക തിരിച്ചുപിടിക്കുന്ന സാഹചര്യമുണ്ടായത്. ഈ ഘട്ടത്തിലും നിർമ്മാണ പ്രവൃത്തി പുരോഗമിച്ചതിനാൽ അക്കാദമിയുടെ പ്രവർത്തനത്തിന് ഈ തിരിച്ചുപിടിക്കൽ വിഘാതമായിട്ടില്ല. കൂടാതെ സർക്കാർ തിരിച്ചുപിടിച്ച തുക സ.ഉ.(സാധാ) നം.266/2021 തിയ്യതി 15.7.2021 പ്രകാരം റീ-ഫണ്ട് ചെയ്ത് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അക്കാദമിയുടെ ദൈനംദിന പ്രവർത്തനത്തിന് ഒരുതരത്തിലും വിഘാതം ഉണ്ടായിട്ടില്ല. |
| (സി) | ഇത്തരത്തിൽ ഈ കലാ അക്കാദമിയുടെ അക്കൗണ്ടിൽ നിന്ന് തുക സർക്കാരിന്റെ ദൈനംദിന ചെലവുകൾക്ക് വേണ്ടി നൽകേണ്ടി വരുന്നത് സ്ഥാപനത്തിന്റെ നല്ല രീതിയിലുള്ള പ്രവർത്തനത്തിന് വിഘാതം ഉണ്ടാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രം കെട്ടിടത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ച തുകയായ ഒരു കോടി രൂപയിൽ നിന്നുമാണ് 34,60,295/- (മുപ്പത്തിനാലു ലക്ഷത്തി അറുപതിനായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ) 2020-21 സാമ്പത്തിക വർഷാവസാനം അക്കാദമിയുടെ പി.എസ്.റ്റി.ബി. അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ചത്. പ്രസ്തുത നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നതിനിടയിൽ കോവിഡ്-19 അനുബന്ധ ലോക്ഡൗൺ ഉൾപ്പടെയുള്ള പ്രതിസന്ധികൾ കടന്നു വന്നതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കാനായില്ല. അതിനാൽ സാമ്പത്തിക വർഷാവസാനം പ്രസ്തുത നിർമ്മാണച്ചുമതലയുള്ള സ്ഥാപനത്തിന് ബിൽ തുക നൽകാനാകാത്തതാണ് |

| | | | |
|---|---|---|---|
| | | | 2020-21 സാമ്പത്തിക വർഷാവസാനം ടി തുക തിരിച്ചുപിടിക്കുന്ന സാഹചര്യമുണ്ടായത്. ഈ ഘട്ടത്തിലും നിർമ്മാണ പ്രവൃത്തി പുരോഗമിച്ചതിനാൽ അക്കാദമിയുടെ പ്രവർത്തനത്തിന് ഈ തിരിച്ചുപിടിക്കൽ വിഘാതമായിട്ടില്ല. കൂടാതെ സർക്കാർ തിരിച്ചുപിടിച്ച തുക സ.ഉ.(സാധാ) നം.266/2021 തീയതി 15.7.2021 പ്രകാരം റീ-ഫണ്ട് ചെയ്ത് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അക്കാദമിയുടെ ദൈനംദിന പ്രവർത്തനത്തിന് ഒരുതരത്തിലും വിഘാതം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ